**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 448** **05-10-2021 - ൽ മറുപടിയ്ക്ക്**

**പെൻഷൻകാരുടെ ആനുകൂല്യവിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായും , ക്ഷാമബത്ത കുടിശിക നൽകുന്നതിന്റെ ഭാഗമായും സംസ്ഥാനത്തെ പെൻഷൻകാർക്ക് കുടിശിക വിതരണം ചെയ്യുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; | (എ) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും, ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ കൃത്യസമയത്ത് നൽകാത്തതും, പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും യാഥാർത്ഥ്യമാണ്. അതേ സമയം, കോവിഡ് ദുരിതമനുഭവിക്കുന്ന നിലവിലെ ഘട്ടത്തിൽ സാധാരണ ജനജീവിതം സാധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ, മുതലായവ), ആരോഗ്യ രംഗത്ത് സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ, ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600/- കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ / പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ അടുത്ത ഗഡു പെൻഷൻ പരിഷ്കരണ കുടിശ്ശിക/ ഡി.ആർ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (ബി) | പ്രസ്തുത കുടിശിക സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം നൽകുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (ബി) | കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും, ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കേന്ദ്രസർക്കാർ കൃത്യസമയത്ത് നൽകാത്തതും, പുതിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി വെട്ടിക്കുറച്ചതും യാഥാർത്ഥ്യമാണ്. അതേ സമയം, കോവിഡ് ദുരിതമനുഭവിക്കുന്ന നിലവിലെ ഘട്ടത്തിൽ |

| | | | |
|---|---|---|---|
| | | | സാധാരണ ജനജീവിതം സാധ്യമാക്കുകയെന്ന കർത്തവ്യത്തിന്റെ ഭാഗമായുള്ള സാമൂഹ്യക്ഷേമ ചെലവുകൾ (ഭക്ഷ്യകിറ്റ്, സാമൂഹ്യസുരക്ഷാ പെൻഷൻ, മുതലായവ), ആരോഗ്യ രംഗത്ത് സൃഷ്ടിക്കപ്പെട്ട സാമ്പത്തിക ഉത്തരവാദിത്വങ്ങൾ എന്നിവ ഏറ്റെടുക്കേണ്ടി വന്നതും സംസ്ഥാനത്ത് ഗുരുതര ലിക്വിഡിറ്റി പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ, ടി പ്രതിസന്ധിക്കിടയിലും ഏകദേശം 2600/- കോടിയോളം വരുന്ന പെൻഷൻ പരിഷ്കരണ / പെൻഷൻകാരുടെ ക്ഷാമബത്ത കുടിശ്ശികയുടെ രണ്ട് തവണകൾ വിതരണം ചെയ്തിരുന്നു. സാമ്പത്തിക പ്രതിസന്ധി തുടരുന്ന പശ്ചാത്തലത്തിൽ അടുത്ത ഗഡു പെൻഷൻ പരിഷ്കരണ കുടിശ്ശിക/ ഡി.ആർ കുടിശ്ശിക വിതരണം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്. |
| (സി) | പെൻഷൻകാർക്ക് നിലവിൽ എത്ര ശതമാനം ഡി.എ കുടിശിക നൽകുവാനുണ്ട്; വ്യക്തമാക്കാമോ? | (സി) | നിലവിൽ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച 01/2021 പ്രാബല്യത്തിൽ ഉള്ള ക്ഷാമബത്ത/ ക്ഷാമാശ്വാസത്തിന് ആനുപാതികമായ ഒരു ഗഡു ക്ഷാമാശ്വാസം സംസ്ഥാന പെൻഷൻകാർക്ക് നൽകാനുണ്ട്. |

സെക്ഷൻ ഓഫീസർ